**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 522** **10-07-2024 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷന്റെ കാലാവധി നീട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. ഐ. സി. ബാലകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സജീവ് ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്ന ജൽജീവൻ മിഷന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (എ) | ജല ജീവൻ മിഷന്റെ പ്രവർത്തനം നിലച്ചിട്ടില്ല. ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പൈപ്പ് കണക്ഷൻ ലഭ്യമാക്കി ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനം സംസ്ഥാനത്ത് തുടർന്നുവരുന്നു. |
| (ബി) | 2024 മാർച്ച് 31-ന് അവസാനിച്ച പദ്ധതിയുടെ കാലാവധി നീട്ടി നൽകാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ കാലാവധി നീട്ടാൻ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 2025 മാർച്ച് 31 വരെ കാലാവധി നീട്ടിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ കേന്ദ്ര അലോട്ട്മെന്റായി 1949.36 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ